"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ അകമ്പാടം വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി സുനിത കെ. ഫയൽ ചെയ്ത OA(EKM) 1908/2018 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 09.11.2023 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.1341/2024/RD തീയതി,തിരുവനന്തപുരം, 10-06-2024

പരാമർശം:-
1. 25.11.2005 ലെ സ.ഉ.(പി)നം.501/2005/ധന നമ്പർ സർക്കാർ ഉത്തരവ്.
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 1908/2018 നമ്പർ കേസിലെ 09.11.2023 ലെ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 04.03.2022 ലെ എൽ.ആർ.എൻ3-2661/2022 നമ്പർ കത്തും 27.01.2024 ലെ എൽ.ആർ./521/2024-എൽ.ആർ.(എൻ3) നമ്പർ കത്തും.

**ഉത്തരവ്**

ശ്രീമതി സുനിത കെ. 1991 മുതൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ അകമ്പാടം വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്ത് വരുന്നു. ടി വില്ലേജ് ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ 100 ച.മീ. ൽ താഴെയായിരുന്നതിനാൽ പരാമർശം (1) പ്രകാരം ടിയാളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയിരുന്നില്ല. പ്രസ്തുത വില്ലേജ് ഓഫീസ് നവീകരിച്ചതിനെ തുടർന്ന് ആകെ വിസ്തീർണ്ണം 126.48 ച. മീ. ആയി അധികരിച്ചതിനാൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് അപേക്ഷകയെ ക്രമീകരിക്കുന്നതിലേയ്ക്കായി 07.02.2017 ൽ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ, പരാമർശം (1) ഉത്തരവ് തീയതിയിൽ പ്രസ്തുത വില്ലേജാഫീസ് നിർദ്ദിഷ്ട സ്വീപ്പിങ് ഏര്യ കൈവരിച്ചിട്ടില്ല എന്ന കാരണത്താൽ സർക്കാർ നിരസിച്ചിരുന്നു.

2) ഇതിനെതിരെ ശ്രീമതി സുനിത കെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 1908/2018 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ് പരിഗണിച്ച ബഹു.ട്രൈബ്യൂണൽ, വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ 3 ആഴ്ചയ്ക്കകം അപേക്ഷകയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ അയയ്ക്കുവാൻ അകമ്പാടം വില്ലേജ് ഓഫീസർക്കും, ടി പ്രൊപ്പോസൽ ഉചിത മാർഗ്ഗേന സർക്കാരിലേയ്ക്ക് അയയ്ക്കുവാൻ രണ്ടാം റെസ്പോണ്ടന്റ് ആയ

മലപ്പുറം ജില്ലാ കളക്ടർക്കും, പ്രസ്തുത പ്രൊപ്പോസൽ ലഭ്യമായ തീയതി മുതൽ 3 മാസത്തിനകം സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ അധികരിച്ച 13.06.2014 തീയതി പ്രാബല്യത്തിൽ PTS തസ്തിക സൃഷ്ടിച്ച് അപേക്ഷകയെ സ്ഥിരപ്പെടുത്തുന്ന വിഷയം പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനും പരാമർശം (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് രണ്ട് മാസത്തിനകം തദനുസൃതമായ ആനുകൂല്യങ്ങൾ ഹർജിക്കാരിക്ക് വിതരണം ചെയ്യുവാനും വിധിച്ചിരുന്നു.

3) ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ,അകമ്പാടം വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ, നിലമ്പൂർ പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്വീപ്പിംഗ് ഏര്യ സർട്ടിഫിക്കറ്റ്, കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ്, സ്കെച്ച് എന്നിവ സഹിതം അനന്തര നടപടിക്കായി പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിരുന്നു. ടി ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ 126.48 ച.മീ. ആണെന്ന് നിലമ്പൂർ പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ടായിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ അകമ്പാടം വില്ലേജോഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി സുനിത കെ. യെ, പ്രസ്തുത ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, പ്രസ്തുത വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിച്ച 13.06.2014 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചും തദനുസൃതമായ ആനുകൂല്യങ്ങൾ ടിയാൾക്ക് അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരമാർശം (3) ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.
ശ്രീമതി സുനിത കെ., കാഷ്വൽ സ്വീപ്പർ, അകമ്പാടം വില്ലേജ് ഓഫീസ്, മലപ്പുറം. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (02.04.2024 ലെ 847198/EXP-C2/30/2018/ധന നമ്പർ റിമാർക്സ് പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/81/2022-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 10-06-2024 12:57:44
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പി. എസ്. ന്

ബഹു. റവന്യൂ മന്ത്രിയുടെ പി. എസ്. ന്.